# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1648      07.03.2018-ൽ മറുപടിക്ക്**

**കണ്ണൂർ കേന്ദ്രമായി നടക്കുന്ന രാഷ്ട്രീയ കൊലപാതകങ്ങളും അക്രമങ്ങളും**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. എം. വിൻസെന്റ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കണ്ണൂർ കേന്ദ്രമായി നടക്കുന്ന രാഷ്ട്രീയ കൊലപാതകങ്ങളും അക്രമങ്ങളും വർദ്ധിക്കുന്ന സാഹചര്യത്തിൽ പോലീസ് ജാഗരൂകരാകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ടോ; | (എ) കമ്മീഷന്റെ 16.02.2018-ലെ ഉത്തരവിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. |
| (ബി) ഷുഹൈബ് വധക്കേസിൽ നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണത്തിന് സംസ്ഥാന പോലീസ് മേധാവി പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) കമ്മീഷന്റെ ഉത്തരവ് നിശ്ചിത സമയപരിധിക്കുള്ളിൽ നടപ്പാക്കി കമ്മീഷന് സമർപ്പിക്കുവാൻ കണ്ണൂർ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയതായും കൂടാതെ സോണൽ എ.ഡി.ജി.പി.മാരുടെ അറിവിലേക്കും ഉചിതമായ നടപടി സ്വീകരിക്കുന്നതിനും വേണ്ടി സംസ്ഥാന പോലീസ് മേധാവി അയച്ചുകൊടുത്തിട്ടുണ്ട്. |

(ഡി) അന്വേഷണം നീതിപൂർവ്വവും നിഷ്പക്ഷവും ആകുന്നതിന് തടസ്സമാകും വിധം എന്തെങ്കിലും പ്രവൃത്തി പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സംസ്ഥാന പോലീസിന്റെ അന്വേഷണം നിഷ്പക്ഷമാകില്ല എന്നതിനാൽ കേസ് സി.ബി.ഐ.ക്ക് വിടണമെന്ന് ഷുഹൈബിന്റെ പിതാവ് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ?

(ഇ) ഷുഹൈബിന്റെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം സി.ബി.ഐ ക്ക് വിടണമെന്ന് ആവശ്യപ്പെടുന്ന ഷുഹൈബിന്റെ മാതാപിതാക്കളുടെ കത്ത് പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല മുഖാന്തിരം ലഭ്യമായത് അഭിപ്രായം അറിയുന്നതിലേയ്ക്കായി സംസ്ഥാന പോലീസ് മേധാവി കണ്ണൂർ റെഞ്ച് ഐ.ജി ക്ക് നൽകിയിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**